*ഉത്തരം*

(എ) — (ബി) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) 651.33 ലക്ഷം രൂപ. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

**ബസ് ബേ നിർമ്മാണം**

59 [640] *ശ്രീ. കെ. മോഹൻകുമാർ:*
,, *പി. ടി. തോമസ്:*
,, *ജി. കാർത്തികേയൻ:*
,, *എ. സുജനപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് നിലവിൽ പാളയം മുതൽ ഓവർബ്രിഡ്ജ് വരെ എത്ര ബസ് സ്റ്റോപ്പ് ഉണ്ട്; എവിടെയെല്ലാം;

(ബി) തിരുവനന്തപുരം എം. ജി. റോഡിന്റെ പാളയം മുതൽ ഓവർബ്രിഡ്ജ് വരെയുള്ള ഭാഗം വീതി കൂട്ടുമ്പോൾ കൂടുതൽ ബസ് സ്റ്റോപ്പുകളോ ബസ് ബേയോ അനുവദിക്കാനുദ്ദേശമുണ്ടോ;

(സി) എവിടെയെല്ലാമാണ് ബസ് ബേയോ ബസ് സ്റ്റോപ്പുകളോ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) ഈ ഭാഗങ്ങളിലെ ബസ് ബേ നിർമ്മാണം സംബന്ധിച്ച് എത്ര നിവേദനങ്ങൾ ലഭിച്ചു; ആരിൽ നിന്നെല്ലാം; ബസ് ബേ സംബന്ധിച്ച് അന്തിമ തീരുമാനം എടുത്തിട്ടുണ്ടോ;

(ഇ) സെക്രട്ടേറിയറ്റിന് മുമ്പിലുള്ള ബസ് സ്റ്റോപ്പുകൾക്ക് പകരം സെക്രട്ടേറിയറ്റിന്റെ പിന്നിലുള്ള സ്റ്റേഡിയത്തോട് ചേർന്നുള്ള റോഡിൽ ബസ് ബേ സ്ഥാപിക്കുവാൻ നടപടിയെടുക്കുമോ?

*ഉത്തരം*

(എ) പാളയം മുതൽ ഓവർബ്രിഡ്ജ് വരെ അഞ്ചു ബസ് സ്റ്റോപ്പുകൾ ഉണ്ട്.

1. കോർപ്പറേഷൻ ഓഫീസ്/എൽ. എം. എസ്.
2. പാളയം പബ്ലിക് ലൈബ്രറി
3. യൂണിവേഴ്സിറ്റി കോളേജ്
4. സ്റ്റാച്യു
5. ഓവർബ്രിഡ്ജ്

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഓവർ ബ്രിഡ്ജിൽ നിന്ന് പാളയത്തേക്ക് പോകുമ്പോൾ നാല് ബസ് സ്റ്റോപ്പുകളാണ് ഉള്ളത്.

1. ആയുർവേദ കോളേജ്
2. സ്റ്റാച്ചു
3. യൂണിവേഴ്സിറ്റി കോളേജ്/പാളയം
4. മസ്കറ്റ് ഹോട്ടൽ/പി. എം. ജി.

(ബി) ഉണ്ട്.

(സി) പാളയത്ത് നിന്ന് ഓവർബ്രിഡ്ജ് ഭാഗത്തേക്ക് പോകുമ്പോൾ വി. ജെ. ടി., സെക്രട്ടേറിയറ്റ്, പുളിമൂട്, ഓവർബ്രിഡ്ജ് എന്നിവിടങ്ങളിലും ഓവർബ്രിഡ്ജ് ഭാഗത്തുനിന്ന് പാളയത്തേക്ക് പോകുമ്പോൾ ആയുർവേദ കോളേജ്. ജി. പി. ഒ., സ്റ്റേയിൻസ് മോട്ടോർസ്, ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം എന്നിവിടങ്ങളിലാണ് ബസ് ബേകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) പുളിമൂട്ടിലും ജി. പി. ഒ.-യിലും നിർദ്ദേശിച്ചിരുന്ന ബസ് ബേ സംബന്ധിച്ച് പൊതുവായും വ്യക്തിപരമായും വ്യാപാരികളിൽ നിന്ന് നിവേദനം കിട്ടിയിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള അന്തിമ തീരുമാനം ആയിട്ടില്ല.

(ഇ) സെക്രട്ടേറിയറ്റിന് മുന്നിലുള്ള ബസ് സ്റ്റോപ്പുകൾ മുഴുവൻ സെൻട്രൽ സ്റ്റേഡിയത്തിനോട് ചേർന്നിട്ടുള്ള റോഡിലോട്ട് മാറ്റുന്നതിനുള്ള സാദ്ധ്യതകൾ കുറവാണ് എങ്കിലും ഇതു സംബന്ധിച്ചുള്ള കൂടുതൽ പഠനങ്ങൾ നടത്തുന്നതാണ്.

**കുടിശ്ശിക നൽകാത്തതുമൂലം നിർമ്മാണ ജോലികളിൽ ഉണ്ടായിരിക്കുന്ന സ്തംഭനാവസ്ഥ**

60 [641] *ശ്രീ. സാജു പോൾ:*
*,, കെ. പി. സതീശ് ചന്ദ്രൻ:*
*ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:*
*ശ്രീ. എ. സി. മൊയ്തീൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക നൽകാത്തതുമൂലം നിർമ്മാണ ജോലികളിൽ ഉണ്ടായിരിക്കുന്ന സ്തംഭനാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുടിശ്ശിക തുകയ്ക്ക് പലിശ നൽകണമെന്ന് കോടതി വിധി ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഈ വിധി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ;

(സി) കുടിശ്ശികയ്ക്ക് എന്നുമുതലുള്ള പലിശ നൽകാനാണ് കോടതി നിർദ്ദേശിച്ചിരിക്കുന്നത്; ഏത് നിരക്കിലാണ് പലിശ നൽകേണ്ടത്;

(ഡി) കുടിശ്ശികയ്ക്ക് പലിശ നൽകുന്നതിനായി മാത്രം ഒരു വർഷം എന്ത് തുക വേണ്ടിവരും എന്നാണ് കണക്കാക്കിയിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly